**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 453** **17-09-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ എത്ര രൂപയുടെ ഇൻഷ്വറൻസ് ക്ലെയിം ഏതൊക്കെ ഇനത്തിൽ അനുവദിച്ച നൽകിയെന്ന് വ്യക്തമാക്കുമോ; എത്ര രൂപയുടെ ക്ലെയിം നിരസിച്ചിട്ടുണ്ട്; ഏതൊക്കെ ചികിത്സകളാണ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നത്; ഏതൊക്കെ ചികിത്സകളാണ് ഒഴിവാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ ; | (എ) | 01.08.2025 വരെയുള്ള കണക്ക് പ്രകാരം 10,89,791 ക്ലെയിമുകൾക്ക് 1964,74,23,535/- രൂപയുടെ അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ഗുരുതര/അവയവമാറ്റ ചികിത്സകൾക്കായി 70.56 **കോടി രൂപ ക്ലെയിം ഇൻഷ്വറൻസ് കമ്പനി അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ 10.51കോടി രൂപ റീഇംപേഴ്സ്മെന്റ് ഇനത്തിലും അനുവദിച്ചിട്ടുണ്ട്.** നിലവിൽ മെഡിസെപ് പദ്ധതിയിൽ 1920 ചികിത്സ/ ശസ്ത്രക്രിയകൾക്കും 12 ഇന ഗുരുതര അവയവമാറ്റ ശസ്ത്രക്രിയകൾക്കുമാണ് എംപാനൽ ചെയ്ത ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്ക് മെഡിസെപ് പരിരക്ഷ ലഭ്യമാകുന്നത്. കൂടാതെ, ഹൃദയാഘാതം, പക്ഷാഘാതം, വാഹനാപകടം എന്നീ അടിയന്തര സാഹചര്യങ്ങളിൽ പദ്ധതിയിൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ ചെയ്യുന്ന ചികിത്സകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി പ്രകാരമുള്ള പാക്കേജ് തുക ഇൻഷ്വറൻസ് കമ്പനി റീഇംപേഴ്സ്മെന്റായി അനുവദിച്ചുവരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചികിത്സകളുടെ വിശദാംശം 23/06/2022 ലെ സ.ഉ.(പി)നം. 70/2022/ധന ഉത്തരവിലെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവ് മെഡിസെപ് വെബ് സൈറ്റിൽ (www.medisep.kerala.gov.in) ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | മെഡിസെപ് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കോർപ്പസ് ഫണ്ടായി ഉൾപ്പെടുത്തിയത് എത്ര തുകയാണ്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ എത്ര കാലയളവിനുള്ളിൽ ചെലവഴിച്ച് തീർന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) | **23.06.2022 ലെ സ.ഉ.(പി)നം. 70/2022/ധന പ്രകാരം നടപ്പിലാക്കിയ മെഡിസെപ് പദ്ധതിയിലെ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള ചികിത്സയ്ക്ക് വിനിയോഗിക്കുവാനായി സർക്കാർ ഇൻഷുറൻസ് കമ്പനിയ്ക്ക് പോളിസി കാലയളവിൽ പ്രീമിയം ഇനത്തിൽ നൽകുന്ന തുകയിൽ നിന്നും 3 വർഷ കാലയളവിലേക്ക് 35 കോടി രൂപ നീക്കിയിരിപ്പായി മാറ്റിവച്ചിരുന്നു. അത് കൂടാതെ പ്രതിമാസ പ്രീമിയം ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്ന 500/- രൂപയിൽ നിന്നും ഇൻഷുറൻസ് കമ്പനിക്ക് നൽകുന്ന 472/- രൂപ കിഴിച്ച് ബാക്കി 28/- രൂപ സർക്കാർ സൂക്ഷിക്കുകയും മാരക രോഗങ്ങൾക്ക് വേണ്ടി കമ്പനി മാറ്റി വച്ചിട്ടുള്ള 35 കോടി വിനിയോഗിച്ച് തീരുന്ന മുറക്ക് ഇതിൽ നിന്നും കമ്പനിക്ക് നൽകുകയുമാണ് ചെയ്യുന്നത്. പ്രസ്തുത ഫണ്ട് വിനിയോഗത്തിനായി 08.09.2023തീയതിയിലെ സ.ഉ.(സാധാ)നം 6416/2023/ധന. പ്രകാരം ഒരു Standard Operating Procedure(SOP) പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഷുറൻസ് കമ്പനിയുടെ കോർപ്പസ് ഫണ്ട് പദ്ധതി ആരംഭിച്ച് ആദ്യ 6 മാസത്തിനുള്ളിൽ തന്നെ വിനിയോഗിച്ച് കഴിഞ്ഞതിനാൽ 01.04.2023 മുതൽ നാളിതുവരെ 18% GSTയും 3% Service charge ഉം ചേർത്തു 45.21 കോടി രൂപ സർക്കാർ ഇതിനായി സൂക്ഷിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 01.08.2025 -ലെ കണക്ക് പ്രകാരം 72.88 കോടി രൂപ ക്ലെയിം ഇൻഷുറൻസ് കമ്പനി അനുവദിച്ചിട്ടുണ്ട്. പ്രൊസീജിയർ അനുസരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.**<br><br>**2,106 മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി 37.06 കോടി, 156 ഇടുപ്പെല്ല് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി 2.75 കോടി, 145 കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി 19.27 കോടി, 108 വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി 2.75 കോടി, 48 CARDIAC RESYNCHRONISATION THERAPY[CRT with defibrillator 1.81 കോടി, 65 മജ്ജമാറ്റിവയ്ക്കൽ/Stem Cell Transplantation (related) 3.61 കോടി, 64** |

| | | | |
|---|---|---|---|
| | | | **ICD-DUAL CHAMBER 2.13 കോടി, 24 Bone Marrow Transplantation/Stem Cell Transplantation (unrelated/Haploidentical) 1.97 കോടി, 30 Cochlear Implantation 1.50 കോടി.** |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ മേഖല എന്നിവയെ കൂടി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയപ്പോൾ കോർപ്പസ് ഫണ്ട് എത്ര തുകയായാണ് വർദ്ധിപ്പിച്ചത്; കൂടുതൽ ജീവനക്കാരെ ഇൻഷുറൻസിന്റെ പരിധിയിൽ കൊണ്ടുവന്നതിനാൽ, കോർപ്പസ് ഫണ്ട് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | (സി) | ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ മേഖലയിലെ ജീവനക്കാരെയും പെൻഷൻകാരെയും പദ്ധതിയുടെ ഭാഗമാക്കാവുന്നതാണെന്ന് 14/08/2025 യിലെ സ.ഉ.(പി)നം.102/2025/ധന. തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെയും പെൻഷൻകാരെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് കോർപ്പസ് ഫണ്ട് വർദ്ധനവ് സംബന്ധിച്ച് തീരുമാനം കൈകൊള്ളുന്നതാണ്. |
| (ഡി) | മെഡിസെപ്പ് രണ്ടാംഘട്ടത്തിൽ പ്രീമിയം തുക എത്രയായാണ് നിശ്ചയിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; രണ്ടാം വർഷം നിരക്ക് വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കുമോ; സർക്കാർ വിഹിതം കൂടി ഉൾപ്പെടുത്തി മെഡിസെപ്പ് രണ്ടാംഘട്ടം നടപ്പാക്കുമോ; വിശദമാക്കുമോ? | (ഡി) | മെഡിസെപ് രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനു 14.08.2025 തീയതിയിലെ സ.ഉ.(പി.)നം. 102/2025/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രതിമാസ പ്രീമിയം, നികുതികൾ ഉൾപ്പെടെ, ടെണ്ടർ അന്തിമീകരണത്തിന് വിധേയമായി, 750/- രൂപ ആയി വർദ്ധിപ്പിക്കുന്നതാണ് എന്ന് 14.08.2025 തീയതിയിലെ മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ അന്തിമീകരണത്തിന് ശേഷം മാത്രമേ പ്രതിമാസ പ്രീമിയം വിഹിതം നിശ്ചയിച്ച അന്തിമ തീരുമാനം കൈകൊള്ളുവാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു. നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും, നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം. വി. ഐ.എ.എസ് ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, രണ്ടാം വർഷം പാക്കേജിലും പ്രീമിയത്തിലും 5% വർദ്ധനവ് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനം കൈകൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ